ഇന്ത്യ മറികടക്കേണ്ട വെല്ലുവിളികൾ

രാജ്യസഭാ പ്രതിപക്ഷ നേതാവ് ശ്രീ. അരുൺ ജെയ്റ്റ്ലി 31.1.2013ൽ മുംബയ് സർവകലാശാലയിലെ കെ.സി കോളേജിൽ നടത്തിയ കെ.എം. കുന്ദ്നാനി സ്മാരക പ്രഭാഷണത്തിന്റെ സംക്ഷിപ്തം.

ശുഭപ്രതീക്ഷയും അശുഭപ്രതീക്ഷയും ഒരേ സമയം നിലനിൽക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനോവിഷമമുണ്ടാക്കുന്ന എന്തെങ്കിലും കണ്ടാൽ പൊതുജനാഭിപ്രായം ദോഷദൃക്കാകാൻ തുടങ്ങും. പക്ഷേ, എന്തിനെയും അതിജീവിക്കാനുള്ള ശക്തമായ കഴിവു തെളിയിച്ച രാജ്യമാണ് ഇന്ത്യ. ഈ കഴിവുള്ളതിനാൽ അശുഭപ്രതീക്ഷകളെ മറികടന്ന് പ്രതീക്ഷയുടെ വെളിച്ചം തെളിയുന്നു.

നമ്മുടെ ജനതയുടെ അറുപതു ശതമാനം പേരുടെയും ജീവിതമാർഗം കൃഷിയാണ്. ജി.ഡി.പിയുടെ 16 ശതമാനം മാത്രമേ കാർഷിക മേഖലയുടെ സംഭാവനയുള്ളൂ. ജി.ഡി.പിയിൽ സേവന മേഖലയുടെ പങ്ക് 60 ശതമാനത്തിന് അടുത്തെത്തി. സർക്കാരിന്റെ നയങ്ങളോ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമോ ബാധിക്കില്ല എന്നതിനാലാണ് ഇന്ത്യയിൽ സേവന മേഖല വളർച്ച നേടിയത്. കൃഷിയിൽ നിന്ന് കൂടുതൽ പേരെ നിർമ്മാണ മേഖലയിലേക്കും സേവന മേഖലയിലേക്കും മാറ്റി കാർഷിക മേഖലയിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കേണ്ടത് പ്രധാനമാണ്.

രാഷ്ട്രീയത്തിന്റെ ഗുണനിലവാരം

പാർലമെന്ററി ജനാധിപത്യത്തിൽ ജനജീവിതത്തെ രാഷ്ട്രീയം ഏറെ ബാധിക്കും. രാഷ്ട്രീയമാണ് നയങ്ങൾക്ക് രൂപം നൽകുന്നത്. നയമാണ് ഇന്ത്യ ഏതു ദിശയിൽ ചലിക്കണമെന്ന് നിശ്ചയിക്കുന്നത്. രാഷ്ട്രീയത്തിന്റെ ശക്തി വളരെ വലുതാണ്. അതിനാൽ സദ്ഭരണമെന്ന പ്രതീക്ഷയ്ക്കു നിരക്കുന്നതായിരിക്കണം രാഷ്ട്രീയത്തിന് നേതൃത്വം നൽകുന്ന വ്യക്തികളുടെ നിലവാരവും. ഭരണം ഇത്ര മോശമായിട്ടും 9 ശതമാനം വളർച്ച നേടാൻ ഇന്ത്യയുടെ ജി.ഡി.പിക്കു കഴിയുമെങ്കിൽ, ഭരണം നല്ലതാണെങ്കിൽ രാജ്യത്ത് എത്രയോ മാറ്റമുണ്ടാകും.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടെ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെ പതനത്തിന് ഇന്ത്യ ദൃക്സാക്ഷിയായി. ചില കുടുംബങ്ങൾക്കു ചുറ്റുമുള്ള ജനക്കൂട്ടം മാത്രമായി ഒട്ടേറെ പാർട്ടികൾ മാറി. ചില പാർട്ടികളുടെ അടിത്തറ ജാതി മാത്രമാണ്. വ്യവസ്ഥാപിതമല്ലാത്ത പാർട്ടികളിൽ ഉൾപാർട്ടി ജനാധിപത്യം ഇല്ലെന്നു തന്നെ പറയാം. പിന്തുടർച്ചക്കാരെ നിശ്ചയിക്കുന്നത് കുടുംബവാഴ്ചയാണ്. കഴിവുള്ളവർ തഴയപ്പെടുകയും കുടുംബവാഴ്ച ആധിപത്യം നേടുകയും ചെയ്യുന്ന പരിണാമത്തിന് ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം വിധേയമാകുന്ന കാഴ്ചയ്ക്കാണ് നാം സാക്ഷികളായിക്കൊണ്ടിരിക്കുന്നത്. ഇത് രാഷ്ട്രീയത്തിന്റെ ഗുണനിലവാരം പെട്ടെന്ന് ഇടിയാൻ ഇടയാക്കി. വ്യക്തിത്വ രാഷ്ട്രീയം മുൻനിര സ്ഥാനം കൈയടക്കി. വിശാലമായ നയങ്ങളെ ജാതിപ്രീണനത്തിനു വേണ്ടി ഉപേക്ഷിച്ചു. ഈയവസ്ഥയിലും പ്രതീക്ഷയ്ക്കു വകയുണ്ട്. ഇന്ത്യൻ ജനതയിലെ മധ്യവിഭാഗം കരുത്താർജിക്കുകയാണ്. ഉത്കർഷേച്ഛുക്കളായ വിഭാഗവും വളരുകയാണ്. ജനം അശാന്തരായി മാറുന്നു. രാഷ്ട്രീയത്തിന്റെ ഗതി മാറ്റാൻ ജനാഭിപ്രായം മാത്രം മതി. ഇന്ത്യൻ ജനാധിപത്യത്തിന്റെ യഥാർത്ഥ ശക്തി പുറത്തു വരികയും ജാതിയുടെ സ്ഥാനം കഴിവും ആത്മാർത്ഥതയും കൈയടക്കുകയും ചെയ്യും. ഇത് ഭരണത്തിന്റെ ഗുണനിലവാരത്തിലും മാറ്റമുണ്ടാക്കും.

നയ സ്തംഭനവും ദാരിദ്ര്യ നിർമ്മാർജനവും

നല്ല ഭരണത്തിന് ശക്തമായ നേതൃത്വം അനിവാര്യമാണ്. തീരുമാനമെടുക്കാൻ കഴിവുണ്ടെങ്കിലേ നയരൂപീകരണം സാധ്യമാകൂ. നേതൃത്വത്തിന് വിശ്വാസ്യതയുണ്ടാകണം. ഇന്ത്യക്ക് അനുയോജ്യമായ സാമ്പത്തിക മാതൃക സംബന്ധിച്ച് അഭിപ്രായ സമന്വയമാണ് വേണ്ടത്. അടുത്ത പത്തു വർഷമോ അതിലധികമോ നമുക്ക് 9 ശതമാനം വളർച്ചാ നിരക്ക് ആവശ്യമാണ്. തുടർച്ചയായി 9 ശതമാനം വളർച്ചയുണ്ടായാൽ നിക്ഷേപമെത്തും; കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. അത് സർക്കാരിന് കൂടുതൽ വരുമാനം നേടിക്കൊടുക്കും. ഇങ്ങനെ ലഭിക്കുന്ന അധിക വരുമാനം അടിസ്ഥാന സൗകര്യ വികസനത്തിനും സാമൂഹ്യ വികസനത്തിനും വിനിയോഗിക്കാം. ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ പ്രാവർത്തികമാക്കാൻ അത് ഉപയോഗിക്കാം. നിർഭാഗ്യകരമെന്നു പറയട്ടെ, കഴിഞ്ഞ ഏതാനും

വർഷങ്ങളായി നാം കാണുന്നത് നയ സ്തംഭനവും രാഷ്ട്രീയ നേതൃത്വത്തിന്റെ വിശ്വാസ്യത ഇടിയുന്നതുമാണ്. ഈ പ്രവണത മാറണം. വരുമാന വർധനയുൾപ്പെടെ ലക്ഷ്യമിടുന്ന നമ്മുടെ ദാരിദ്ര്യ നിർമ്മാർജന പദ്ധതികളിൽ സാമൂഹ്യ ലക്ഷ്യങ്ങളും ഉൾപ്പെടുത്തണം. തോട്ടിപ്പണി നിർമ്മാർജനം ചെയ്യൽ, ഗിരിവർഗക്കാർ ഉൾപ്പെടെയുള്ള ഏറ്റവും അവശ വിഭാഗങ്ങളുടെ ഉന്നമനം, ആരോഗ്യ മേഖല ശക്തിപ്പെടുത്തൽ, വിദ്യാഭ്യാസം, ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് ഈ കാലഘട്ടത്തിലെ പ്രധാന വെല്ലുവിളികൾ.

എങ്ങനെ നിങ്ങൾ 9 ശതമാനം വളർച്ച നേടും?

ഇന്ത്യയ്ക്ക് 9 ശതമാനം വളർച്ച നേടണമെങ്കിൽ നിശ്ചയദാർഢ്യത്തോടെ നയങ്ങൾ രൂപീകരിക്കണം. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മെച്ചപ്പെടുത്തുകയും പൂർത്തീകരിക്കുകയും വേണം. ടെലികോം മേഖലയുടെയും ദേശീയ പാതകളുടെയും വിജയഗാഥകൾ അഴിമതിയാൽ പങ്കിലമായി എന്നതാണ് ദൗർഭാഗ്യകരം. പുതിയ ലൈസൻസിംഗ് സമ്പ്രദായത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും മറ്റും പേരിൽ വലിയ നിക്ഷേപങ്ങൾ വൈകിക്കുന്നത് ഒട്ടും ആരോഗ്യകരമല്ല. സമ്പദ്‌വ്യവസ്ഥയും പരിസ്ഥിതിയും ഒന്നിച്ച് മുന്നോട്ടു പോകണം. നിർമ്മാണ മേഖലയിലെ പരിഷ്കാരങ്ങൾ പൂർത്തീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഉപഭോക്താക്കൾ വില കുറഞ്ഞ ഉത്പന്നങ്ങൾ തേടിപ്പോകുന്ന കാലത്താണ് നാം ജീവിക്കുന്നത്. ചെലവു കുറഞ്ഞ നിർമ്മാണമാണ് വിജയത്തിലേക്കുള്ള താക്കോൽ. പലിശ നിരക്കുകൾ യുക്തിസഹമാക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പാക്കുക, അന്താരാഷ്ട്ര നിരക്കുമായി ഒത്തു പോകുന്ന വിലയ്ക്ക് അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുക എന്നിവയാണ് അടിയന്തര ആവശ്യങ്ങൾ.

ഹൈവേകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ഗ്രാമീണ റോഡുകൾ എന്നിവയ്ക്ക് അർഹമായ പ്രാധാന്യം നൽകണം. വിനോദസഞ്ചാര മേഖലയുടെ ശേഷി പ്രയോജനപ്പെടുത്തുന്നതിൽ ഇന്ത്യ പരാജയപ്പെട്ടു. ടൂറിസം അനുബന്ധ വ്യവസായങ്ങൾക്ക് കുറഞ്ഞ നികുതി, നിലവാരമുള്ള വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, കുറഞ്ഞ വാടകയുള്ള ഹോട്ടലുകൾ എന്നിവയുണ്ടെങ്കിലേ നമ്മുടെ പൂർണ ശേഷിയും വിനിയോഗിക്കാൻ കഴിയൂ. രാജ്യത്തിനകത്തുള്ള ചരക്കു ഗതാഗതത്തിന് കൂടുതൽ ഇളവുകൾ നൽകണം. ഉയർന്ന നികുതിയെന്ന നയത്തിന് അൽപ്പായുസേയുള്ളൂ. അത് ഒരിക്കലും ദീർഘകാല ഫലം നൽകില്ല. നികുതി നിരക്കുകൾ മിതവും അന്താരാഷ്ട്ര നിലവാരത്തിലുള്ളതുമാകണം. നിങ്ങൾക്ക് കയറ്റുമതി നടത്താം, നിങ്ങൾക്ക്  കയറ്റുമതിച്ചുങ്കം തിരിച്ചു പിടിക്കാം. നമ്മൾ ഒട്ടേറെ വിജയകഥകൾ കണ്ടിട്ടുണ്ട്. വിദ്യാഭ്യാസ ശൃംഖലയുടെ വികസനം, ഇൻഫർമേഷൻ ടെക്നോളജി, ടെലികോം, ഔഷധ മേഖല, വാഹന മേഖല, ഹൈവേകൾ, നഗര പാർപ്പിട വികസനം തുടങ്ങിയവ നാം കഴിഞ്ഞ വർഷങ്ങളിൽ കണ്ട വിജയകഥകളാണ്. നമ്മുടെ പുതിയ നയങ്ങളും നിയമ നിർമ്മാണങ്ങളും ഈ വിജയങ്ങളെ കൂടുതൽ മുന്നോട്ടു നയിക്കുന്നതാകണം; വളർച്ച തടയുന്നതാകരുത്.

കൂട്ടുകക്ഷി സർക്കാരുകൾ

വലിയ നേതാക്കളുടെയും വലിയ ഭൂരിപക്ഷത്തിന്റെയും കാലം കഴിഞ്ഞു. ഇന്നത്തെ കാലത്ത് ഒരു പാർട്ടിയും വലിയ ഭൂരിപക്ഷം നേടാൻ കഴിയുന്ന അവസ്ഥയിലല്ല. ഇന്ത്യയുടെ രാഷ്ട്രീയ അജണ്ട രൂപപ്പെട്ടു കഴിഞ്ഞു. സ്വാതന്ത്ര്യാനന്തരമുള്ള ആദ്യ കുറെ വർഷങ്ങളിൽ ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയായ ചില കാൻസറുകളായിരുന്നു രാഷ്ട്രീയ അജണ്ടയിലെ മുഖ്യ വിഷയം. പരമാധികാരമായിരുന്നു പ്രധാന വിഷയം. പരമാധികാരത്തിനെതിരായ ഭീഷണികൾ ശമിച്ചതോടെ സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയവയായി പ്രധാന വിഷയങ്ങൾ. ഇന്നത്തെ പ്രധാന വിഷയമാണ് ഫെഡറലിസം. സംസ്ഥാനങ്ങളിലെ പ്രാദേശിക പാർട്ടികളുമായി അധികാരം പങ്കുവയ്ക്കലും ഇന്നത്തെ ഫെഡറലിസത്തിന്റെ ഭാഗമാണ്. മുന്നണിയുടെ നേതൃത്വം ഒരു ദേശീയ പാർട്ടിക്കാകും. ലോക്സഭയിൽ കൂടുതൽ അംഗങ്ങളുള്ള ഒരു പാർട്ടിക്കുമാകാം മുന്നണിയുടെ നേതൃത്വം. ന്യൂഡൽഹി ആരു ഭരിക്കണമെന്നു നിശ്ചയിക്കാനുള്ള ശേഷി പ്രാദേശിക പാർട്ടികൾക്കുണ്ടാകും. മുന്നണിയുടെ വിജയകരമായ പ്രവർത്തനത്തിന് രണ്ടു കാര്യങ്ങളാണ് വേണ്ടത്. ഒന്ന്, പ്രാദേശിക പാർട്ടികളെ

ഉൾക്കൊള്ളിക്കുന്നതിൽ ദേശീയ പാർട്ടികൾ ഹൃദയ വിശാലത കാട്ടണം. അതുപോലെ, പ്രാദേശിക പാർട്ടികൾ ദേശീയ വീക്ഷണം രൂപപ്പെടുത്തുകയും വേണം. ഇവ മാത്രമുണ്ടെങ്കിൽ നല്ല ഭരണം ഉറപ്പാക്കാം.

അഴിമതി

അഴിമതി നമ്മുടെ ഭരണ സംവിധാനത്തെ കാർന്നു തിന്നുകയാണ്. അഴിമതി നിക്ഷേപകരെ പിന്തിരിപ്പിക്കും. അത് പ്രവർത്തനച്ചെലവ് വർധിപ്പിക്കും. ടെലികോം, ദേശീയ പാത മേഖലകളുടെ വിജയത്തെ അഴിമതി പ്രതികൂലമായി ബാധിച്ചു. കൽക്കരി പാടം അനുവദിച്ചതിലെ അഴിമതി മൂലം വൈദ്യുതി മേഖല കടുത്ത പ്രതിസന്ധിയിലാണ്. 1991 തുടക്കമിട്ട ലൈസൻസ് ഒഴിവാക്കൽ സമ്പ്രദായം അഴിമതി ഇല്ലാതാക്കുമെന്ന് തുടക്കത്തിലുണ്ടായിരുന്ന പ്രതീക്ഷ അസ്ഥാനത്തായി. ഭൂമിയും പ്രകൃതി വിഭവങ്ങളും അനുവദിക്കൽ, ഖനനം, മദ്യവ്യവസായം, സ്വകാര്യ വിദ്യാഭ്യാസ മേഖല എന്നിവയിൽ അഴിമതി പരമകോടിയിലെത്തി.

സ്വാതന്ത്ര്യം ലഭിച്ച് 65 വർഷമായിട്ടും രാഷ്ട്രീയ ഫണ്ടുകൾ ഇന്നും അദൃശ്യമായി തുടരുന്നത് ഖേദകരമാണ്. ലോക്പാൽ, അഴിമതി വിരുദ്ധ ഓംബുഡ്സ്മാൻ എന്നിവ സംബന്ധിച്ച് ഈയിടെ നടന്ന ചർച്ചകൾ ശക്തമായ അഴിമതി വിരുദ്ധ നിയമങ്ങളുടെ ആവശ്യകത ഉയർത്തിക്കാട്ടുന്നു. അഴിമതി വിരുദ്ധ ഓംബുഡ്സ്മാനു വേണ്ടി ശക്തമായ ജനാഭിപ്രായം ഉയരുന്നുണ്ടെങ്കിലും, സ്വതന്ത്രവും ഫലപ്രദവുമായ ലോക്പാലിന്റെ കാര്യത്തിലെന്ന പോലെ കേന്ദ്രസർക്കാർ ഉദാസീന നിലപാടിലാണ്. പൊതുസേവകർക്ക് എതിരായ ആരോപണങ്ങൾ അന്വേഷിക്കുന്ന ഏജൻസിയുടെ സ്വാതന്ത്ര്യമാണ് ഒരു പ്രധാന വിഷയം. സി.ബി.ഐയാണ് പൊതുവേ സ്വീകാര്യമായ അന്വേഷണ ഏജൻസി. പക്ഷേ, സി.ബി.ഐയുടെ നിയന്ത്രണം കേന്ദ്രസർക്കാരിന്റെ കൈയിലാകാൻ പാടില്ല. സി.ബി.ഐ എങ്ങനെ പ്രവർത്തിക്കണമെന്നതു സംബന്ധിച്ച് ഗൗരവപൂർണമായ നിലപാട് സ്വീകരിക്കാൻ കേന്ദ്ര സർക്കാരിന് കഴിയുമോ? ലോക്പാൽ ബില്ലിന്റെ രൂപരേഖ സെലക്ട് കമ്മിറ്റിയിലെത്തിയപ്പോൾ ഞാൻ രണ്ട് പ്രധാന മാറ്റങ്ങൾ നിർദ്ദേശിച്ചിരുന്നു. സി.ബി.ഐ ഡയറക്ടർക്ക് സർക്കാരിൽ വീണ്ടും ജോലി നൽകരുത്. എങ്കിൽ മാത്രമേ സി.ബി.ഐക്ക് ഭയമോ പ്രീതിയോ  കൂടാതെ പ്രവർത്തിക്കാൻ കഴിയൂ. അന്വേഷണം പുരോഗമിക്കുന്ന വേളയിൽ അന്വേഷണോദ്യോഗസ്ഥനെ ലോക്പാലിന്റെ അനുമതിയില്ലാതെ സ്ഥലം മാറ്റരുത്. അന്വേഷണം ആരംഭിക്കും മുമ്പ് ലോക്പാൽ മുമ്പാകെ സ്വന്തം വാദം അവതരിപ്പിക്കാൻ ആരോപണ വിധേയനായ പൊതുസേവകന് അവസരമുണ്ടാകരുത്. അന്വേഷണം ആരംഭിക്കും മുമ്പു തന്നെ തെളിവു നശിപ്പിക്കാൻ ഇത് ആരോപണ വിധേയന് അവസരം നൽകും. ലോക്പാൽ നിയമനത്തിന് മതാടിസ്ഥാനത്തിലുള്ള സംവരണം ഭരണഘടനാപരമായി അനുവദനീയമല്ല.

നീതിയുക്തമായ സമൂഹത്തിന്റെ സൃഷ്ടി

ജാതിയുടെയും മതത്തിന്റെയും പേരിൽ സാമൂഹ്യ സംഘർഷങ്ങൾ രൂപപ്പെടാൻ അനുവദിക്കരുത്. വിവിധ സമുദായങ്ങൾക്കിടയിൽ തുടർച്ചയായ ആശയവിനിമയം ഉണ്ടാകണം. സമുദായങ്ങൾ തമ്മിലുള്ള ബന്ധത്തെ ബാധിക്കുന്ന വിഷയങ്ങളിലെ അഭിപ്രായപ്രകടനങ്ങളിൽ മിതത്വം പാലിക്കണം. പക്വതയുള്ള സമൂഹത്തിന്റെ ലക്ഷണങ്ങളാണ് സഹാനുഭൂതിയും നീതിബോധവും. ഈയിടെ ദേശീയ തലസ്ഥാനത്തുണ്ടായ കൂട്ട മാനഭംഗം സ്വതന്ത്ര സമൂഹത്തിന്റെ മനസാക്ഷിയെ ഉലച്ചു. സ്ത്രീകളെ ഇപ്പോഴും ചൂഷണത്തിനുള്ള ഉപകരണങ്ങളായി കാണുന്നു. ആ യുവതിയോട് ചെയ്തത് കാടത്തമാണ്. പരിഷ്കൃത സമൂഹമാണെന്നു തെളിയിക്കാനുള്ള പരീക്ഷയിൽ ഇന്ത്യ പരാജയപ്പെട്ടു.

നമ്മുടെ പട്ടിക ജാതിക്കാരും പട്ടിക വർഗക്കാരും ഇന്നും ദുരിതാവസ്ഥയിലാണ്. ഇവരെ മറ്റുള്ളവർക്കു തുല്യരാക്കാൻ നടപടിയുണ്ടാകണം. ദാരിദ്ര്യ നിർമ്മാർജന നടപടിയുടെ ഭാഗമാണ് സംവരണം. ചരിത്രപരമായ നീതികേട് തിരുത്താനുള്ള ശ്രമമാണത്.

സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളോടുള്ള അസഹിഷ്ണുതയാണ് ഒരു പുതിയ പ്രവണത. ഒരു പ്രസംഗത്തിനോ സിനിമയ്ക്കോ എതിരായ പ്രതിഷേധം സമൂഹത്തെയാകെ ബന്ദിയാക്കുന്ന തരത്തിലാകരുത്. അതുപോലെ തന്നെ, പൊതുവേദികളിൽ സംസാരിക്കുന്നവർ പ്രകോപനമുണ്ടാകാത്ത വിധം വാക്കുകൾ പ്രയോഗിക്കാൻ പഠിക്കുകയും വേണം. ചില ജാതി വിഭാഗങ്ങളിൽ അഴിമതിക്കാർ കൂടുതലാണെന്നും തുല്യതയിലേക്കുള്ള വഴിയാണ് അഴിമതിയെന്നും മറ്റുമുള്ള ഈയിടത്തെ ചില

പ്രസ്താവനകളെ ഞാൻ അനുകൂലിക്കുന്നില്ല. അഭിപ്രായ പ്രകടന സ്വാതന്ത്ര്യം വിനിയോഗിക്കുമ്പോൾ, ഭരണഘടന ഏർപ്പെടുത്തിയിരിക്കുന്ന  നിയന്ത്രണങ്ങളും ഓരോരുത്തരുടെയും മനസിലുണ്ടാകണം.

ഭീകരതയും സായുധ കലാപവും

അതിർത്തിക്ക് അപ്പുറത്തു നിന്നുള്ളതും ആഭ്യന്തരവുമായ ഭീകരതയെ ഇന്ത്യ അഭിമുഖീകരിച്ചിട്ടുണ്ട്.

ഇന്ത്യാ വിജനത്തിനു ശേഷം ഇന്നും പാക്കിസ്ഥാൻ തുടരുന്ന അജണ്ടയാണ് കാശ്മീർ. കാശ്മീരിനെ ഇന്ത്യയുടെ ഭാഗമായി പാക്കിസ്ഥാൻ ഒരിക്കലും അംഗീകരിച്ചിട്ടില്ല. ഒരു സാമ്പ്രദായിക യുദ്ധത്തിനു ശ്രമിച്ച അവർ രണ്ടു പതിറ്റാണ്ട് അതിർത്തി കടന്നുള്ള ഭീകര പ്രവർത്തനവും നടത്തി. ഇന്ത്യക്ക് അകത്തു തന്നെ സംഘങ്ങളുണ്ടാക്കി ഭീകരാക്രമണങ്ങൾ സംഘടിപ്പിക്കുന്ന രീതിയാണ് കഴിഞ്ഞ ഏതാനും വർഷമായി അവർ അവലംബിക്കുന്നത്.

ഭൗമാതിർത്തികൾ മാറ്റി വരയ്ക്കാൻ പറ്റുന്ന കാലം കഴിഞ്ഞെന്ന് പാക്കിസ്ഥാൻ മനസിലാക്കണം. സ്വന്തം രാജ്യത്തിനകത്ത് നൂറുകണക്കിന് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന പാക്കിസ്ഥാൻ ഇന്ത്യയെ മഞ്ഞപ്പിത്തം ബാധിച്ച കണ്ണുകൊണ്ട് നോക്കുന്നതിനു പകരം അവ പരിഹരിക്കുന്നതിലാണ് ശ്രദ്ധിക്കേണ്ടത്. ഇന്ത്യൻ പാർലമെന്റ് ആക്രമണവും 26/11ലെ മുംബയ് ആക്രമണവും ഈയിടെ ഇന്ത്യൻ ഭടന്മാരുടെ തല വെട്ടിയതുമെല്ലാം ഇന്ത്യയെ പ്രകോപിപ്പിക്കാൻ പാക്കിസ്ഥാൻ ഭരണാധികാരികളുടെ ഒത്താശയോടെ നടക്കുന്ന ശ്രമങ്ങളാണ്. ഇന്ന് പാക്കിസ്ഥാന് സൈന്യമുണ്ട്, ഐ.എസ്.ഐയുണ്ട്, സിവിലിയൻ സർക്കാരുണ്ട്, ഭീകര സംഘടനകളുണ്ട്. അവയെല്ലാം സ്വന്തം അജണ്ടയിലാണ് പ്രവർത്തിക്കുന്നത്. പാക്കിസ്ഥാനുമായി യു.എസോ ഇന്ത്യയോ നടത്തുന്ന ചർച്ചകൾ വിജയിക്കണമെങ്കിൽ ഭീകരത സർക്കാർ നയമാക്കിയിരിക്കുന്ന നിലപാട് പാക്കിസ്ഥാൻ തിരുത്തണം. പാക്കിസ്ഥാൻ മൗലികവാദ നിലപാട് മയപ്പെടുത്തുകയും അവിടത്തെ സിവിലിയൻ സർക്കാരിന്റെ ശക്തി വർധിക്കുകയും ഭീകരവാദം പ്രോത്സാഹിപ്പിക്കുന്ന നിലപാട് ഉപേക്ഷിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് പാക്കിസ്ഥാനുമായി ഗൗരവപൂർണവും വിജയകരവുമായ ബന്ധം വികസിപ്പിക്കാൻ കഴിയൂ.

കാശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണെന്ന് പാക്കിസ്ഥാൻ തിരിച്ചറിയണം. കാശ്മീരിന്റെ ഭരണഘടനാപരമായ വ്യക്തിത്വം നിശ്ചയിക്കുന്നതിലും അതിന് രാജ്യത്തിന്റെ മറ്റു ഭാഗങ്ങളുമായുള്ള ബന്ധം തീരുമാനിക്കുന്നതിലും നാം ചരിത്രപരമായ വിഡ്ഢിത്തം കാട്ടി. എന്നിരുന്നാലും, ഭീകരതയ്ക്കും വിഘടനവാദത്തിനുമെതിരായ യുദ്ധത്തിൽ കാശ്മീർ ജനതയെ നമ്മുടെ വശത്ത് നിർത്തുന്ന തരത്തിലായിരിക്കണം നമ്മുടെ നയം. കാശ്മീരിലെ യുവജനങ്ങൾക്കിടയിൽ വളരെ ഉത്കർഷേച്ഛുക്കളായ ഒരു വിഭാഗം വളർന്നു വരുന്നുണ്ട്. ജനങ്ങൾക്ക് അനുകൂലവും വിഘടനവാദികൾക്ക് എതിരുമായിരിക്കണം നമ്മുടെ നയം.

മാവോയിസ്റ്റ് ആക്രമണങ്ങളാണ് ഇന്ത്യ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി. രാജ്യത്തിന്റെ ഹൃദയഭാഗത്തുൾപ്പെടെ ഏകദേശം 200 ജില്ലകളിൽ അവരുടെ സാന്നിധ്യമുണ്ട്.  ആദിവാസി മേഖലകളിൽ അവർക്ക് കൂടുതൽ പിന്തുണ ലഭിക്കുന്നുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വിഭവങ്ങൾക്കുള്ള ആദ്യ അവകാശം ആദിവാസികൾക്കായിരിക്കണം. അവ ഏറ്റവും പിന്നോക്കവും അവികസിതവുമായ മേഖലകളാണ്. പക്ഷേ, മാവോയിസ്റ്റ് സ്വാധീനമുള്ള ചില മേഖലകളിൽ നിങ്ങൾക്ക് എത്തിപ്പെടണമെങ്കിൽ ലാൻഡ് മൈനുകളെയും ആയുധങ്ങളെയും മറികടക്കേണ്ടതുണ്ട്. മാവോയിസ്റ്റുകൾ സാമൂഹ്യ പരിഷ്കർത്താക്കളല്ല. മാവോയിസം ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുമല്ല. ഇന്ത്യയിലെ പാർലമെന്ററി ജനാധിപത്യത്തെ തകർക്കാനുള്ള ഒരു ശ്രമമാണ് മാവോയിസം. ഇന്ത്യൻ സുരക്ഷാ സേനയുടെ ആയുധങ്ങളാണ് മാവോയിസ്റ്റുകൾ ഉപയോഗിക്കുന്നതിൽ അധികവും. മാവോയിസ്റ്റ് മേഖലകളെ അവരുടെ പിടിയിൽ നിന്ന് മോചിപ്പിക്കാൻ വികസനത്തിനും സുരക്ഷയ്ക്കുമുള്ള ദ്വിമുഖ സമീപനമാണ് നാം സ്വീകരിക്കേണ്ടത്.

ജനസംഖ്യ ഒരു വിഭവം

യുവജനങ്ങളുടെ രാജ്യമാണ് ഇന്ത്യ. വികസിത രാജ്യങ്ങളിൽ ജനക്ഷാമമുണ്ട്. കുറഞ്ഞു വരുന്ന ജനതയെ ഉപയോഗിച്ച്  സ്വന്തം സമ്പദ്വ്യവസ്ഥയെ പരിപാലിക്കാൻ അവർക്ക് കഴിയില്ല. വികസിതമായ മധ്യവർത്തി

വിഭാഗവും ഉന്നത വിദ്യാഭ്യാസ നിലവാരവും മനുഷ്യ വിഭവ ശേഷിയുമുള്ള ഇന്ത്യയ്ക്ക് സുശിക്ഷിതമായ മനുഷ്യ മനസുകളുടെ വലിയ ശേഖരമുണ്ട്. വികസിത ലോകത്തിന് അവ ആവശ്യമാണ്. നമ്മുടെ വർധിച്ചു വരുന്ന ജനസംഖ്യയെ ഒരു ധന വിഭവമായി ഉപയോഗിക്കാൻ കഴിയുന്ന നിലയിലാണ് നമ്മൾ. വികസിത ലോകത്തെയും ഇന്ത്യയിലെയും ജനസംഖ്യ വ്യതിയാനമാണ് ഇന്ത്യയെ ഇതിനു സാധ്യമാക്കിയത്.

ഇന്ത്യ ഒരു മൃദു രാജ്യം

ഇന്ത്യയുടെ സംസ്കാരം, നമ്മുടെ ചരിത്രം, നമ്മുടെ ജനസംഖ്യ, നമ്മുടെ പ്രവാസികൾ, കായിക രംഗം, സിനിമ, സംഗീതം, സാഹിത്യം തുടങ്ങിയവയെല്ലാം മൃദു രാജ്യമെന്ന നമ്മുടെ പ്രതിച്ഛായയ്ക്ക് ശക്തി പകരുന്നതാണ്.

സമയക്കുറവു മൂലം ചില വെല്ലുവിളികൾ മാത്രമേ ഞാൻ പ്രതിപാദിച്ചുള്ളൂ. വ്യക്തമായ കർമ്മപരിപാടിയും വിഭവശേഷിയും സംയോജിപ്പിച്ചു മുന്നോട്ടു പോയാൽ നമ്മുടെ അശുഭപ്രതീക്ഷയെ ശുഭപ്രതീക്ഷ മറികടക്കുന്ന സമയം അകലെയല്ലെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല...